**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **11-10-2021 - ൽ മറുപടിയ്ക്ക്**

**തടവുകാർക്കുള്ള ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ നടപ്പിലാക്കിയ പ്രിസൺ റിഫോംസ് എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ഡി.ജി.പി. (റിട്ട) ചെയർമാനായി ജയിൽ പരിഷ്കരണ കമ്മീഷൻ രൂപികരിക്കുകയുണ്ടായി. കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ ചെയർമാനായി രൂപീകരിച്ച പോലീസ്-ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശ പ്രകാരം തടവുകാരുടെ അകാലവിട്ടുതൽ സംബന്ധിച്ച ജയിൽ ഉപദേശകസമിതിയുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ പരിഗണിക്കുന്നതിനായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. മറ്റ് ശിപാർശകൾ നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്. കൂടാതെ ജയിലുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്ക്കരണത്തിനും ഉതകുന്ന നിരവധി പദ്ധതികൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും തെറ്റുതിരുത്തൽ കേന്ദ്രങ്ങളെന്ന നിലയിൽ ജയിലുകളെ മാറ്റിയെടുക്കുന്നതിൽ വലിയ മുന്നേറ്റമുണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്. "ജയിലുകളുടെ നവീകരണം", "തടവുകാരുടെ ക്ഷേമം" എന്നീ വാർഷിക പദ്ധതികളിലൂടെയും ഗ്രാന്റ്-ഇൻ-എയ്ഡിലൂടെയും തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായുള്ള ജയിലുകളുടെ നിർമ്മാണം, വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കൽ, ജയിലുകളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ഡൈടാ കമ്മ്യൂണിക്കേഷൻ, സി.സി.ടി.വി സംവിധാനങ്ങൾ സ്ഥാപിക്കൽ , അത്യന്താധുനിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ , പവർ ലോൺട്രി, പബ്ളിക് അഡ്രസ് സംവിധാനങ്ങൾ സ്ഥാപിക്കൽ, തടവുകാർക്ക് |

| | | | |
|---|---|---|---|
| | | | വൊക്കേഷണൽ ട്രെയിനിംഗ്, ഇ-പ്രിസൺ ആപ്ളിക്കേഷൻ, ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം എന്നിവ നടപ്പിലാക്കൽ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, തടവുകാരുടെ വേതന വർദ്ധനവ് തുടങ്ങിയ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത് എന്ന് അറിയിക്കുമോ; | (ബി) | തടവുകാർക്ക് നിയമം അനുശാസിക്കുന്നത് പ്രകാരമുള്ള പരോൾ, റെമിഷൻ, അടിയന്തിരാവധികൾ എന്നിവ അനുവദിയ്ക്കുന്നുണ്ട്. കൂടാതെ കോവിഡ് പോലുള്ള സാംക്രമിക രോഗ സാധ്യതയുള്ള സന്ദർഭങ്ങളിൽ പ്രത്യേക അവധികളും അനുവദിക്കുന്നുണ്ട്. നിയമസഹായം ആവശ്യമുള്ള തടവുകാർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേനയുള്ള സഹായവും ഉറപ്പുവരുത്തുണ്ട്. ജയിലിൽ തടവുകാർക്ക് ജോലി ചെയ്യുന്നതിന് നിശ്ചിതവേതനം നൽകുന്നുണ്ട് |
| (സി) | ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര തുക സർക്കാർ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | ജയിൽ പരിഷ്കരണ, നവീകരണ, വികസന പ്രവർത്തനങ്ങൾക്കായി 148.92 കോടി (നൂറ്റി നാല്പത്തിയെട്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ഡി.ജി.പി.(റിട്ട) ചെയർമാനായ ജയിൽ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

### I. സാമ്പത്തിക ബാധ്യത ഇല്ലാതെ നടപ്പാക്കാൻ പറ്റുന്ന നിർദ്ദേശങ്ങൾ

| ക്രമ നം. | ജയിൽ പരിഷ്കരണ കമ്മീഷൻറെ ശുപാർശ | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|
| 1 | അതീവ സുരക്ഷാ പ്രാധാന്യമുള്ള ജയിൽ വകുപ്പിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ സമയാസമയം നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചാൽ ദിവസക്കൂലി അടിസ്ഥാനത്തിലും എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കാൻ സാധിക്കും. | നടപ്പിലാക്കിയിട്ടുണ്ട്. |
| 2 | ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന തടവുകാരെ ബഹു: സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് വിട്ടയക്കുന്നതിനുള്ള നടപടി സമയാസമയം സ്വീകരിക്കാവുന്നതാണ്. കൂടാതെ മാരകമായ അസുഖം മൂലം അവശത അനുഭവിക്കുന്ന തടവുകാരെയും 70 വയസ്സിന് മുകളിൽ പ്രായമുള്ള തടവുകാരെയും മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. | ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെയും , മാരകമായ അസുഖം കാരണം അവശത അനുഭവിക്കുന്ന തടവുകാരുടെയും, 70 വയസ്സിന് മുകളിൽ പ്രായമുള്ള തടവുകാരുടെയും അകാലവിടുതൽ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| 3 | ജയിലിൽ റിമാൻറിൽ കഴിയുന്ന തടവുകാരുടെ അടുത്ത ബന്ധുക്കൾ മരണപ്പെട്ടാൽ എസ്കോർട്ട് പരോളിൽ വിടുന്നതിനുള്ള അധികാരം അതാത് ജയിൽ സൂപ്രണ്ടുമാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക. | ജയിൽ വകുപ്പ് പരിശോധിച്ചുവരുന്നു. |
| 4 | തടവുകാർക്ക് കാൻറീൻ സൗകര്യത്തിനായി അനുവദിക്കുന്ന തുക വേജസ്സിന് ആനുപാതികമായി നിശ്ചയിച്ച് ജയിൽ ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുക. | ജയിൽ വകുപ്പ് പരിശോധിച്ചുവരുന്നു. |
| 5 | നിലവിലെ ജയിൽ ചട്ടങ്ങളിലെ അപാകതകൾ കാലാനുസൃതമായി പരിഹരിക്കേണ്ടതും ജയിലിൽ പ്രവേശിക്കുന്ന തടവുകാർക്ക് ജയിൽ ചട്ടങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കുന്നതിന് ലഘുലേഖകൾ വിതരണം ചെയ്യുക. | നിലവിലെ ജയിൽ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ ജയിൽ വകുപ്പ് പരിശോധിച്ചുവരുന്നു. തടവുകാർക്ക് ജയിൽ ചട്ടങ്ങളെ കുറിച്ചും അവരുടെ അവകാശങ്ങളെ കുറിച്ചും ജയിൽ ദിനചര്യകളെ കുറിച്ചും മറ്റും ബോധവത്ക്കരണം നടത്തുന്നതിന് സത്പഥം എന്ന പേരിൽ കൈപ്പുസ്തകം തയ്യാറാക്കി ജയിൽ ലൈബ്രറിയിൽ നൽകിയിട്ടുണ്ട്. തടവുകാർക്ക് ആവശ്യാനുസരണം അത് ലഭ്യമാകുന്നതാണ്. |

| | | |
|---|---|---|
| 6 | ജയിലിൽ കഴിയുന്ന തടവുകാരുടെ കലാ സൃഷ്ടികൾ, കലാവിരുതുകൾ എന്നിവ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് ദൃശ്യ-പത്ര മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് വകുപ്പിന് അനുമതി നൽകാവുന്നതാണ്. | നടപ്പിലാക്കിയിട്ടുണ്ട്. |
| 7 | എല്ലാ ജയിലുകളുടെ പരിസരങ്ങളും തടവുകാരുടെ സേവനം ഉപയോഗിച്ച് സൗന്ദര്യവൽക്കരിക്കുകയും പരിസ്ഥിതി സൗഹൃദമാക്കുകയും ചെയ്യുക. | നടപ്പിലാക്കിയിട്ടുണ്ട്. |
| 8 | ബഹു. സുപ്രീംകോടതി ഉത്തരവുപ്രകാരം സ്ഥാപിച്ച സി.സി.ടി.വി. സംവിധാനം ഭൂരിഭാഗം ജയിലുകളിലും പ്രവർത്തന രഹിതമാണ്. ആയത് ബന്ധപ്പെട്ട കമ്പനികളെ ഉപയോഗിച്ച് കുറ്റമറ്റനിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. | വിയ്യൂർ സെൻട്രൽ പ്രിസൺ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നിവയൊഴികെയുള്ള എല്ലാ ജയിലുകളിലും സി.സി.ടി.വി സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.<br>വിയ്യൂർ സെൻട്രൽ പ്രിസണിൽ നിലവിലുണ്ടായിരുന്ന സി.സി.ടി.വി സംവിധാനം നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ 96.10 ലക്ഷം രൂപ നിക്ഷേപിക്കുകയും പ്രവൃത്തി 30% പൂർത്തീകരിച്ചിട്ടുണ്ട്.<br>ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിൽ ടി സംവിധാനം സ്ഥാപിക്കുന്നതിനുള്ള 25 ലക്ഷം രൂപയുടെ പ്രവൃത്തിയും പുരോഗമിക്കുന്നു. വാറന്റി കാലാവധി കഴിഞ്ഞ സ്ഥാപനങ്ങളിൽ വാർഷിക പരിപാലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>വകുപ്പിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി സി.സി.ടി.വി പോലുള്ള സാങ്കേതിക സംവിധാനങ്ങൾ റിപ്പെയർ ചെയ്യുന്നതിന് മേഖലാ തലത്തിൽ ടെക്നിക്കൽ സെൽ രൂപകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| 9 | ജയിലുകളിൽ നടപ്പിലാക്കിയ വീഡിയോ കോൺഫറൻസിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തത് കാരണം പ്രതികളെ കോടതിയിൽ നേരിട്ട് ഹാജരാക്കേണ്ടി വരുന്നുണ്ട്. ആയത് പൂർണ്ണമായി ഒഴിവാക്കി വീഡിയോ കോൺഫറൻസിംഗ് സംവിധാനം സജ്ജമാക്കിയാൽ പോലീസ് എസ്കോർട്ട് പൂർണ്ണമായി ഒഴിവാക്കാവുന്നതാണ്. ആയത് മൂലം വലിയ സാമ്പത്തിക ബാധ്യത സർക്കാരിന് ഒഴിവാക്കാനാകും. | സംസ്ഥാനത്തെ 374 കോടതികളേയും 53 ജയിലുകളേയും (86 സ്റ്റുഡിയോ ) ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| 10 | ജയിൽ വകുപ്പിലെ ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് അടിസ്ഥാനപരിശീലനത്തിന് ശേഷം പി.എസ്.സി ടെസ്റ്റുകൾ (ഫയറിംഗ് & പ്രാക്ടിക്കൽ) ഒഴിവാക്കി പോലീസ് സേനയിലേതുപോലെ അടിസ്ഥാന പരിശീലനത്തോടൊപ്പം പൂർത്തീകരിക്കുക. | സർക്കാരിന്റെ പരിഗണനയിലാണ് |

| | | |
|---|---|---|
| 11 | പൊതുജനങ്ങൾക്ക് ജയിലുകളിലെ സേവനം സുഗമമായി ലഭ്യമാക്കുന്നതിന് സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് ഇൻഫർമേഷൻ കൗണ്ടറുകൾ സ്ഥാപിക്കാവുന്നതാണ്. ഇത് ജയിൽ വകുപ്പിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതാണ്. | നടപ്പിലാക്കി |
| 12 | ജയിൽ വകുപ്പിനായി എഞ്ചിനീയറിംഗ് വിഭാഗം (മരാമത്ത് കെട്ടിട വിഭാഗം) ആരംഭിക്കുക. ജയിലുകളിൽ നടത്തുന്ന വിവിധ നിർമ്മാണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒരു അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ജയിൽ വകുപ്പിലെ യോഗ്യതയുള്ള ഉദ്യോഗസ്ഥൻമാരുടെയും സേവനം ഉപയോഗപ്പെടുത്തുക. (മോഡൽ പ്രിസൺ മാനുവൽ, പ്രിസൺ മാനുവൽ എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.) | പൊതുമരാമത്ത് വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജയിൽ വകുപ്പിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| 13 | ജയിൽ ഭക്ഷണനിർമ്മാണ യൂണിറ്റുകളിലെ ഭക്ഷ്യോല്പന്നങ്ങളുടെ വിൽപ്പന കുടുംബശ്രീ പോലുള്ള സർക്കാർ ഏജൻസികളെ ഏൽപ്പിക്കുക. | നടപ്പിലാക്കി വരുന്നു. |
| 14 | ജയിൽ ജീവനക്കാരുടെ പരിശീലനം കാലഘട്ടത്തിനനുസരിച്ച് ആധുനിക സാങ്കേതിക വിദ്യകൾക്കനുസൃതമായി പരിഷ്ക്കരിക്കേണ്ടതാണ്. | രാജ്യത്തെ എല്ലാ സംസ്ഥാനത്തേയും ജയിൽ വകുപ്പുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏകീകൃത സ്വഭാവത്തോടു കൂടിയുള്ള പരിശീലനം നൽകുന്നതിൻറെ ഭാഗമായി Bureau of Police Research and Development( BPR&D) ശിപാർശ ചെയ്തിട്ടുള്ള ആധുനിക സാങ്കേതിക വിദ്യകളനുസരിച്ചുള്ള പാഠ്യ പദ്ധതി പ്രകാരമാണ് കേരള ജയിൽ വകുപ്പിലെ ജീവനക്കാർക്കും പരിശീലനം നൽകി വരുന്നത്. |
| 15 | ജയിൽ വകുപ്പിൽ ഇന്റേണൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. | നടപ്പിലാക്കിയിട്ടുണ്ട്. |
| 16 | പ്രൊമോഷൻ സാധ്യത കുറവുള്ള ജയിൽ വകുപ്പിൽ ഗ്രേഡ് പ്രൊമോഷൻ തസ്തിക നടപ്പിലാക്കേണ്ടതാണ്. ഇത് ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഒരളവുവരെ സഹായിക്കും. | നടപ്പിലാക്കി. |

II. <u>ജയിൽ വകുപ്പിൽ സാമ്പത്തിക ബാധ്യതയോടെ ചെയ്യാൻ കഴിയുന്ന ശിപാർശകൾ.</u>

| ക്രമ നം. | ജയിൽ പരിഷ്കരണ കമ്മീഷന്റെ ശിപാർശ | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|

| | | |
|---|---|---|
| 1 | തൃശ്ശൂർ അതീവ സുരക്ഷാ ജയിൽ, തവനൂർ സെൻട്രൽ പ്രിസൺ, ജില്ലാ ജയിൽ ഇടുക്കി. പാലക്കാട് എന്നിവ നിലവിൽ വരുന്നതോടെ തടവുകാരുടെ ബാഹുല്യം ഇല്ലാതാകുമെന്ന് ഉറപ്പുവരുത്താവുന്നതാണ്. ഇത് ജയിൽ ഭരണ നിർവ്വഹണത്തിലെ വലിയ ചുവടുവയ്പ്പാണ്. | പ്രസ്തുത ജയിലുകളിൽ തവനൂർ സെൻട്രൽ പ്രിസൺ ഒഴികെയുള്ള മൂന്ന് ജയിലുകളും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇടുക്കി ജില്ലാ ജയിൽ നവംബർ/2018 ലും വിയ്യൂർ അതീവ സുരക്ഷാ ജയിൽ, പാലക്കാട് ജില്ലാ ജയിൽ എന്നിവ 07/2019 ലും പ്രവർത്തനം ആരംഭിച്ചു. തവനൂർ സെൻട്രൽ പ്രിസണും മൂന്ന് മാസത്തിനകം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നിരോധിത വസ്തുക്കൾ ജയിലുകളിൽ വരുന്നത് തടയുന്നതിനുമായി സെൻട്രൽ ജയിലുകൾ, ജില്ലാ ജയിലുകൾ എന്നിവിടങ്ങളിൽ മൊബൈൽ ജാമ്മറുകൾ, ബോഡി സ്കാനറുകൾ, ബാഗ്ഗേജ് സ്കാനറുകൾ, സി.സി.ടി.വി സംവിധാനം എന്നിവ സ്ഥാപിക്കേണ്ടതാണ്. | ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് 2021-22 ൽ 46 ജയിലുകളിലേയ്ക്ക് Door Frame Metal Detector, 3 സെൻട്രൽ പ്രിസണുകളിൽ X-Ray ബാഗ്ഗേജ് സ്കാനർ എന്നിവ 259 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചിട്ടുണ്ട്.<br>വിയ്യൂർ സെൻട്രൽ പ്രിസൺ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നിവയൊഴികെയുള്ള എല്ലാ ജയിലുകളിലും സി.സി.ടി.വി സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ടി ജയിലുകളിൽ പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും പ്രവൃത്തി നടന്നുവരുന്നതുമാണ്.<br>ബോഡി സ്കാനർ, മെറ്റൽ ഡിറ്റക്ടർ, സെക്യൂരിറ്റി പോൾ. നോൺ ലീനിയർ ജംങ്ഷൻ ഡിറ്റക്ടർ, ബോഡി വോർൺ ക്യാമറ, ഡ്രോൺ ക്യാമറ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 3 | ജയിലുകളിൽ കഴിയുന്ന തടവുകാരുടെ മനുഷ്യാധ്വാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃഷിവകുപ്പുമായി സഹകരിച്ച് ജൈവപ്പച്ചക്കറി വളരെ ചുരുങ്ങിയ ചെലവിൽ വ്യാപകമായി ഉത്പാദിപ്പിക്കാവുന്നതും വിഷ രഹിതമായ പച്ചക്കറി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സർക്കാർ ഖജനാവിൽ അധിക വരുമാനം ഉണ്ടാക്കുവാനും സാധിക്കും | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൃഷി വകുപ്പിന്റെ ധനസഹായത്തോടെ ഹൈടെക് പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന കശുവണ്ടി വികസന ഏജൻസി (KSACC) മുഖേന ടി ജയിലിൽ 25 ഏക്കറിൽ കശുവണ്ടി കൃഷിയും ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാ ജയിലിൽ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് വിപുലമായ കാർഷിക പ്രവർത്തികൾ നടന്നുവരുന്നു. കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ പ്രിസണുകളിൽ കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തരിശുഭൂമിയുള്ള ജയിലുകളിൽ കൃഷി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാൻ പ്രാദേശിക കൃഷി ഓഫിസർമാരുടെ സേവനം ഉറപ്പുവരുത്തുവാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 4 | സെൻട്രൽ ജയിൽ, തുറന്ന ജയിൽ എന്നിവിടങ്ങളിൽ പെട്രോൾ പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയാൽ സർക്കാരിലേയ്ക്ക് വരുമാനമുണ്ടാക്കുന്നതിന് സാധിക്കും. ആധുനിക വർക്ക് ഷോപ്പുകൾ, വാഹന സർവ്വീസ് സ്റ്റേഷനുകൾ എന്നിവ തടവുകാരുടെ സേവനം ഉപയോഗിച്ച് സ്ഥാപിക്കാവുന്നതാണ്. ഇതുവഴി പൊതുജനങ്ങൾക്ക് ചുരുങ്ങിയ നിരക്കിൽ സേവനം നൽകുന്നതിനും സർക്കാരിന് സാമ്പത്തികലാഭം ഉണ്ടാക്കുന്നതിനും സാധിക്കും. | തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിലും ചീമേനി തുറന്ന ജയിലിലും ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ (IOCL) പെട്രോളിയം ഔട്ട്ലറ്റ് സ്ഥാപിച്ച് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലാ ജയിലിലും തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലും IOCLന്റെ പെട്രോളിയം ഔട്ട്ലറ്റ് സ്ഥാപിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തിരവനന്തപുരത്തെ ഔട്ട്ലറ്റിനോട് ചേർന്ന് ഇരുചക്ര വാഹന വർക്ക്ഷോപ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | കണ്ണൂർ സെൻട്രൽ പ്രിസണിൽ നിർമ്മാണത്തിലിരിക്കുന്ന ഓഡിറ്റോറിയം 60 ലക്ഷം രൂപ കൂടി ചെലവഴിച്ച് അന്തേവാസികളുടെ സേവനത്തോടെ പൂർത്തിയാക്കിയാൽ അതൊരു സ്പോർട്സ് ക്ലബ് ആക്കി മാറ്റുവാൻ സാധിക്കുന്നതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതുമാണ് | കണ്ണൂർ സെൻട്രൽ പ്രിസണിൽ മൾട്ടി പർപ്പസ് ഹാൾ കം ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഫുഡ് യൂണിറ്റിലെ ലാഭത്തിൽ നിന്നും 12.62 ലക്ഷം രൂപ സർക്കാർ അനുമതി കൂടാതെ ചെലവഴിച്ച നടപടി സാധൂകരിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. |
| 6 | പൊതുജനങ്ങൾക്ക് ജയിൽ ജീവിതത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികളേയും യുവ തലമുറയേയും കുറ്റകൃത്യങ്ങളിൽ നിന്നും മാറ്റി നിർത്തുന്നതിനും പുരാതന ജയിൽ വസ്തുക്കളുടെ പ്രദർശനത്തിനും സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് മ്യൂസിയം സ്ഥാപിക്കാവുന്നതാണ്. തടവുകാർ നിർമ്മിക്കുന്ന കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന കൗണ്ടറുകളും ഇതോടൊപ്പം സ്ഥാപിച്ചാൽ സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിന് സാധിക്കുന്നതാണ്. | പരിഗണനയിലില്ല. |

| | | |
|---|---|---|
| 7 | സംസ്ഥാന ഖജനാവിലേയ്ക്ക് ജയിൽ വകുപ്പ് അടയ്ക്കുന്ന ജയിൽ വരുമാനത്തുകയിൽ നിന്ന് 20% അനുവദിച്ചാൽ ജയിൽ വകുപ്പിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. | 05-12-2019 തീയതിയിലെ സ.ഉ (കൈ)നം.195/2019/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജയിലുകളിലെ വിവിധ വ്യവസായ, നിർമ്മാണ, കാർഷിക യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്റെ 50% തുക ജയിലിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നതിന് പ്രിസൺ ഡവലപ്പ്മെന്റ് ഫണ്ട് രൂപീകരിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജയിൽ വകുപ്പ് മേധാവി, സീനിയർ ഫിനാൻസ് ഓഫീസർ, ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട പ്രിസൺ ഡവലപ്പ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | മിക്ക ജയിലുകളിലും അന്തേവാസികളെ വിവിധ ആവശ്യങ്ങൾക്ക് കൊണ്ടുപോകുന്നതിനും ജയിലിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിനുമായി വാഹനങ്ങൾ ലഭ്യമല്ല. ആയതിനാൽ ജീപ്പുകൾ, മിനി ലോറികൾ, ആംബുലൻസുകൾ, ടൂ വീലറുകൾ എന്നിവ വാങ്ങാവുന്നതാണ് | 2019-20 സാമ്പത്തിക വർഷം ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6 ആംബുലൻസ് വാങ്ങിയിട്ടുള്ളതാകുന്നു.<br>വാഹനങ്ങൾ ഇല്ലാത്ത മറ്റ് ജയിലുകളിലും ആംബുലൻസ്, ജീപ്പ്, മിനി ബസ്, പിക്-അപ് വാൻ, ഇലക്ട്രിക് കാർ, ഇരുചക്ര വാഹനം എന്നിവ വാങ്ങുന്നതിന് 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 9 | ജയിൽ ജീവനക്കാരുടെ പരിശീലന സ്ഥാപനമായ സിക്കയെ കാലഘട്ടത്തിന് അനുസരിച്ച് ആധുനിക സാങ്കേതികവിദ്യകൾക്ക് അനുസൃതമായി ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് | സിക്കയുടെ ആധുനികവത്ക്കരണത്തിന് പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സിലബസ് പരിഷ്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഉദ്യോഗസ്ഥരുടെ പരിശീലനത്തിനായി സിക്കയിലേയ്ക്ക് 195 എണ്ണം SLR 7.62 mm തോക്കുകൾ വാങ്ങുന്നതിന് 2021-22 ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ 174.71 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |

III. <u>ജയിൽ</u> <u>വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ചെയ്യാൻ കഴിയുന്ന മാർഗ്ഗങ്ങൾ.</u>

| ക്രമ നം. | **ജയിൽ പരിഷ്കരണ കമ്മീഷന്റെ ശുപാർശ** | **റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി** |
|---|---|---|
| 1 | കേരളത്തിലെ എല്ലാ ജയിലുകളിലും ഫുഡ് യൂണിറ്റുകൾ വ്യാപിപ്പിച്ചാൽ ഗുണനിലവാരമുള്ളതും വിലകുറച്ചും പൊതുജനങ്ങൾക്ക് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിനും സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുവാനും സാധിക്കും. ആയത് നടപ്പിൽ വരുത്തുന്നതിന് വിദഗ്ധരായ ശിക്ഷാ തടവുകാരുടെ സേവനം ഉപയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. | സ്ഥലസൗകര്യവും മറ്റ് ഘടകങ്ങളും പരിഗണിച്ച് അനുയോജ്യമായ ജയിലുകളിൽ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 12 ജയിലുകളിൽ നിലവിൽ ഫുഡ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |

| | | |
|---|---|---|
| 2 | ജയിലുകളിൽ കഴിയുന്ന തടവുകാരുടെ മനുഷ്യാധ്വാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃഷി വകുപ്പുമായി സഹകരിച്ച് ജൈവ പച്ചക്കറി വ്യാപകമായി ഉൽപ്പാദിപ്പിക്കാവുന്നതും, വിഷരഹിതമായ പച്ചക്കറി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സർക്കാർ ഖജനാവിൽ അധികവരുമാനം ഉണ്ടാക്കുവാനും സാധിക്കും. | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൃഷി വകുപ്പിന്റെ ധനസഹായത്തോടെ ഹൈടെക് പച്ചക്കറി കൃഷി യൂണിറ്റ് ആരംഭിച്ചുകഴിഞ്ഞു.<br>സ്ഥല സൌകര്യമുള്ള ജയിലുകളിൽ ഇപ്രകാരം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | റെയ്ഡ്കോ, റബ്കോ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കറിപൗഡർ യൂണിറ്റ്, അച്ചാറുകൾ , റബ്കോ ഫർണിച്ചറുകൾ, ചെരിപ്പുനിർമ്മാണം, കുട നിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, പേപ്പർ ബാഗ്, ഡിസ്പോസിബിൾ ഗ്ലാസ്സ് നിർമ്മാണ യൂണിറ്റുകൾ, എൽ.ഇ.ഡി.ബൾബ് നിർമ്മാണം (KSEB) യുമായി സഹകരിച്ച് എന്നിവ ഗുണമേന്മയോടെ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ചുരുങ്ങിയ നിരക്കിൽ ലഭ്യമാക്കുന്നതിനും സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിനും സാധിക്കും. | അച്ചാറുകൾ, കുട നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവ നിലവിൽ ചെയ്തുവരുന്നുണ്ട്. എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. |
| 4 | സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ എന്നിവ കേന്ദ്രീകരിച്ച് ആധുനിക വർക് ഷോപ്പുകൾ, വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ എന്നിവ തടവുകാരുടെ സേവനം ഉപയോഗിച്ച് സ്ഥാപിക്കാവുന്നതാണ്. ഇതുവഴി പൊതുജനങ്ങൾക്ക് ചുരുങ്ങിയ നിരക്കിൽ സേവനം നൽകുന്നതിനും സർക്കാരിന് സാമ്പത്തിക ലാഭം ഉണ്ടാക്കുന്നതിനും സാധിക്കും. | തിരുവനന്തപുരം സിക്ക കേന്ദ്രീകരിച്ച് വാഹന വർക് ഷോപ്പ് ആരംഭിച്ചിട്ടുള്ളതാകുന്നു. ആധുനിക വർക്ഷോപ്പുകൾ, വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ എന്നിവ ഭാവിയിൽ തുടങ്ങാനുള്ള സാധ്യത പരിശോധിച്ചുവരുന്നു. |
| 5 | ജയിലുകൾ കേന്ദ്രീകരിച്ച് (സാധ്യതയുള്ള ജയിലുകൾ കേന്ദ്രീകരിച്ച്)മിനറൽ വാട്ടർ പ്രോജക്ട് തുടങ്ങിയാൽ പൊതുജനങ്ങൾക്ക് ഗുണമേന്മയോടുകൂടിയും മിതമായ നിരക്കിലും കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്. ഇതുമൂലം സർക്കാരിന് അധികവരുമാനം ഉണ്ടാക്കാൻ സാധിക്കും. | ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 10 രൂപ നിരക്കിൽ സർക്കാർ സംരഭമായ Hilly Acqua എന്ന ബ്രാൻഡ് നാമത്തിലുള്ള കുപ്പിവെള്ളം ജയിൽ ഉല്പന്ന ഔട്ട്ലറ്റുകൾ വഴി വിതരണം ചെയ്തുവരുന്നു.<br>വകുപ്പ് സ്വന്തമായി പ്രോജക്ട് തുടങ്ങണമെങ്കിൽ ലക്ഷക്കണക്കിന് രൂപ മുതൽ മുടക്ക് ആവശ്യമായി വരും എന്നതിനാൽ ടി പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |
| 6 | സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് നാഷണൽ ഹൈവേയോടു ചേർന്ന് ഷോപ്പിംഗ് കോംപ്ളക്സുകൾ, ഗസ്റ്റ്ഹൗസുകൾ, ഓഡിറ്റോറിയം, പൂജപ്പുര മാതൃകയിൽ കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ കഫറ്റേരിയ തുടങ്ങിയാൽ സർക്കാർ ഖജനാവിലേയ്ക്ക് അധികം വരുമാനം ഉണ്ടാക്കാവുന്നതാണ്. | കണ്ണൂർ സെൻട്രൽ പ്രിസണിൽ കഫറ്റീരിയ നിർമ്മാണം പുരോഗമിക്കുന്നു.<br>തിരുവനന്തപുരം സിക്ക കേന്ദ്രീകരിച്ച് പ്രിസൺ ഗസ്റ്റ് ഹൗസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാകുന്നു.<br>മറ്റ് ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

| | | |
|---|---|---|
| 7 | വിവിധ തൊഴിലുകളിൽ വൈദഗ്ധ്യം നേടിയ തൊഴിലാളികളായ അന്തേവാസികളുടെ സേവനം സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ജോലികൾക്കായി ലഭ്യമാക്കിയാൽ സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിനും തടവുകാരുടെ കുടുംബങ്ങൾക്ക് വരുമാനം ലഭ്യമാക്കുന്നതിനും സാധിക്കും. | നിലവിൽ പരിഗണനയിലില്ല. |
| 8 | സെൻട്രൽ ജയിൽ, തുറന്ന ജയിൽ എന്നിവിടങ്ങളിൽ പെട്രോൾ പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയാൽ സർക്കാരിലേയ്ക്ക് വരുമാനമുണ്ടാക്കുന്നതിന് സാധിക്കും. | തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിലും ചീമേനി തുറന്ന ജയിലുകളിലും ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ (IOCL) പെട്രോളിയം ഔട്ട്ലറ്റ് സ്ഥാപിച്ച് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലാ ജയിലിലും തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോമിലും IOCLന്റെ പെട്രോളിയം ഔട്ട്ലറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| 9 | പൊതുജനങ്ങൾക്ക് ജയിലുകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും, സ്വീകാര്യത ഉണ്ടാക്കുന്നതിനും, സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് മ്യൂസിയം സ്ഥാപിക്കാവുന്നതാണ്. തടവുകാർ നിർമ്മിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന കൗണ്ടറുകളും ഇതോടൊപ്പം സ്ഥാപിച്ചാൽ സർക്കാരിന് അധിക വരുമാനം ഉണ്ടാക്കുന്നതിന് സാധിക്കും. | പരിഗണനയിലില്ല |
| 10 | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ സിമൻറ്, ഇഷ്ടിക, മണ്ണ് ഇഷ്ടിക, ഇൻറർലോക്ക് ഇഷ്ടിക എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം നടത്തിയാൽ സർക്കാരിന് അധികവരുമാനം ഉണ്ടാക്കുന്നതിന് സാധിക്കും. | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ സിമന്റ് ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| 11 | സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ എന്നിവ കേന്ദ്രീകരിച്ച് കോഴിഫാം, കാടഫാം എന്നിവ വിപുലീകരിച്ചാൽ നിലവിലെ ഫുഡ് യൂണിറ്റുകൾക്ക് ആവശ്യത്തിന് കോഴി വിതരണം ചെയ്യുന്നതിനും, ആയത് കൂടാതെ കോഴി ഹാച്ചറിംഗ് യൂണിറ്റുകൾ ആരംഭിച്ചാൽ പുറമെ വിൽപ്പന നടത്തിയും ഗവൺമെൻറിന് ലാഭം ഉണ്ടാക്കാവുന്നതാണ്. | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിലവിൽ കോഴി, താറാവ്, ആട്, പശു ഫാമുകൾ പ്രവർത്തിച്ചുവരുന്നു. ചീമേനി തുറന്ന ജയിലിൽ കോഴി, പശു, ആട്, പന്നി, മുയൽ ഫാമുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. കണ്ണൂർ സെൻട്രൽ പ്രിസണിൽ കാട ഫാം പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ പശു ഫാം, ആട് ഫാം എന്നിവയും പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 12 | ചീമേനി തുറന്ന ജയിലിൽ വെട്ടുകല്ല് നിർമ്മാണം വിപുലപ്പെടുത്തുക. (കൂടുതൽ എണ്ണം കല്ല് വെട്ടുന്ന തടവുകാർക്ക് കൂലി ഇനത്തിൽ വർദ്ധനവ് വരുത്തി നൽകാവുന്നതാണ്.) ആയത് തടവുകാർക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രചോദനം ആകുന്നതാണ്. | വിപുലപ്പെടുത്തുന്നതാണ്. |

| | | |
|---|---|---|
| 13 | പൂജപ്പുര സെൻട്രൽ ജയിലിൽ നടപ്പിലാക്കിയ വസ്ത്ര നിർമ്മാണ യൂണിറ്റ് – തൃശ്ശൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും, ചീമേനി, നെട്ടുകാൽത്തേരി തുറന്ന ജയിലുകളിലും വിപുലമായ രീതിയിൽ നടപ്പിലാക്കിയാൽ തടവുകാർക്ക് തൊഴിലും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനും സാധിക്കും. കൂടാതെ സ്കൂൾ യൂണിഫോം, മറ്റ് യൂണിഫോമുകൾ എന്നിവ ഓർഡർ സ്വീകരിച്ച് നിർമ്മിച്ച് നൽകുവാൻ സാധിക്കും. | കണ്ണൂർ/ വിയ്യൂർ/ തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ കൈത്തറി വസ്ത്ര നിർമ്മാണ യൂണിറ്റ് നല്ലരീതിയിൽ നടന്നുവരുന്നു. ജയിൽ വകുപ്പിന്റെ ഫ്രീ ഫാഷനിസ്റ്റ എന്ന ഔട്ട്ലറ്റുകൾ മുഖാന്തിരം വസ്ത്ര വില്പനയും നടന്നുവരുന്നു.<br>കണ്ണൂർ സെൻട്രൽ പ്രിസണിൽ ഹാൻവീവുമായി ചേർന്ന് സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടന്നുവരുന്നു. |
| 14 | കേരളത്തിലെ മുഴുവൻ ജയിലുകളിലും ബയോഗ്യാസ് പ്ളാൻറുകൾ സ്ഥാപിക്കുകയും, നിലവിലുള്ള ബയോഗ്യാസ് പ്ളാൻറുകൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്താൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പാചകവാതകത്തിൻറ ഉപയോഗം കുറയ്ക്കുന്നതിനും സാധിക്കും. | പുതിയതായി പ്രവർത്തനം ആരംഭിച്ച ജയിലുകളൊഴികെ സ്ഥലസൌകര്യമുള്ള എല്ലാ ജയിലുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് |
| 15 | വ്യാവസായികാടിസ്ഥാനത്തിൽ സെൻട്രൽ ജയിൽ, തുറന്ന ജയിലുകൾ കേന്ദ്രീകരിച്ച് ബേക്കറി ഉൽപ്പന്നങ്ങൾ ആരംഭിക്കുക. പൊതുജനങ്ങൾക്ക് ഗുണനിലവാരം ഉള്ളതും, വിശ്വസ്തവുമായ ബേക്കറി ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ നൽകുവാൻ സാധിക്കുകയും അതുകൂടാതെ ജയിൽ ക്യാൻറീനിലേക്കും ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ സാധിക്കും. | നിലവിൽ വിയ്യൂർ/ കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ ബേക്കറി നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| 16 | ഇപ്പോൾ തിരുവനന്തപുരത്തും കാസർഗോഡും പ്രവർത്തിച്ചു വരുന്ന തുറന്ന ജയിലുകൾ വഴി സർക്കാർ ഖജനാവിലേയ്ക്ക് ഏറെ വരുമാനം ലഭിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് മദ്ധ്യമേഖലയിൽ ഇടുക്കി ജില്ല കേന്ദ്രീകരിച്ച് ഒരു തുറന്ന ജയിൽ സ്ഥാപിച്ച് സർക്കാരിലേയ്ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഇതിനായി തരിശായി കിടക്കുന്ന സർക്കാർ വക ഭൂമി ജയിൽ വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്ത് കൃഷിയോഗ്യമാക്കിയാൽ സർക്കാരിന് ഖജനാവിലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. | മദ്ധ്യമേഖലയിൽ ഒരു തുറന്ന ജയിൽ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |